**ALL KERALA TRADE INSTRUCTORS AND TRADESMANS ORGANISATION**
**DEPARTMENT OF TECHNICAL EDUCATION**
**Reg. No. 268/92, Govt. Recognised as per GO (P) 34/92 P&ARD Dated 19-08-92**
**STATE COMMITTEE**
Kairali Bldg., TC No. 25/73 (1), Opp. India Hospital
Mele Thampanoor, Thiruvananthapuram-1. Kerala-695001
Ph: 7012963610

For Internal Circulation only

# AKTO NEWS LETTER

Volume III   Issue :1   August 2019

aktostatecommittee@gmail.com

# 29-ാം സംസ്ഥാന സമ്മേളനം

## പൊതുസമ്മേളനവും തീരുമാനങ്ങളും

**2019 ഫെബ്രുവരി 9,ആലുവ**



ആക്റ്റോയുടെ 29-ാം സംസ്ഥാന സമ്മേളനം കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമായ ആലുവയിലെ പ്രിയദർശിനി ഹാളിൽ വെച്ച് സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിജു. എസ്. രാവിലെ 9 മണിക്ക് പതാക ഉയർത്തിയതോടെ തുടക്കമായി. രാവിലെ 9.15 ന് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. പതാക ഉയർത്തൽ സമയത്ത് പതിവിലും കവിഞ്ഞ അംഗങ്ങൾ കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്നിരുന്നു.

9.30 ന് ഈശ്വരപ്രാർത്ഥനയോടുകൂടി പ്രസിഡന്റ് ശ്രീ. എസ്. ബിജുവിന്റെ അദ്ധ്യക്ഷതയിൽ പ്രതിനിധി സമ്മേളനത്തിന് തുടക്കമായി. വൈസ് പ്രസിഡന്റ് ശ്രീ. എസ്. വത്സലകുമാർ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷപ്രസംഗത്തെ തുടർന്ന് 2018-19 വർഷത്തെ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. അവതരിപ്പിച്ചു. ട്രഷറർ ശ്രീ. വി.പി. എൽദോസ് വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. (വരവ് 463318 രൂപ ചെലവ് 438669 രൂപ) തുടർന്ന് വിവിധ ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ സംഘടനാ തലത്തിൽ വരേണ്ട മാറ്റങ്ങളും പ്രവർത്തന മികവും അപാകതകളും ചൂണ്ടിക്കാട്ടി സജീവ ചർച്ചയിൽ പങ്കെടുത്തു.

ഗ്രേറ്റർ കൊച്ചി വികസന അതോറിറ്റി ചെയർമാനും സ്വാഗതസംഘം ചെയർമാനുമായ അഡ്വ. വി. സലീമിന്റെ അദ്ധ്യക്ഷതയിൽ 11.30 ന് പൊതു സമ്മേളനത്തിന് തുടക്കമായി. ആക്റ്റോ സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു സ്വാഗതം ആശംസിച്ചു. സ്വാഗത പ്രസംഗത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ ട്രേഡ് ഇൻസ്ട്രകർ വിഭാഗക്കാരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും സൂചിപ്പിക്കുകയുണ്ടായി. തുടർന്ന് ശ്രീ. അൻവർ സാദത്ത് എം.എൽ.എ. ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ട്രേഡ് ഇസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻ 1:1:1 ആക്കുവാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഉറപ്പ് നൽകി. സമഗ്രസംഭാവനയ്ക്കുള്ള പ്രഥമ ആക്റ്റോ നവരത്ന അവാർഡ്, ശാസ്ത്ര റോബോട്ടിക്സിന് ശ്രീ. അൻവർ സാദത്ത് എം.എൽ.എ. നൽകി. തുടർന്ന് ആലുവ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ലിസ്സി ഏബ്രഹാം, അഡ്വ. മനോജ് വാസു, എൻ.ജി.ഒ.അസ്സോസിയേഷൻ ജന. സെക്രട്ടറി ശ്രീ. ഇ.എൻ. ഹർഷകുമാർ, ജോ. കൗൺസിൽ സെക്രട്ടറിയേറ്റ് അംഗം ശ്രീ. സി.എ. അനീഷ്, എൻ.ജി.ഒ. ഫ്രണ്ട് ജന. സെക്രട്ടറി ശ്രീ. സജി ചിറയത്ത്, എൻ.ജി.ഒ. സംഘ് സംസ്ഥാന സെക്രട്ടറി ശ്രീ. കെ. എം. രാജീവ്, ജി.പി.റ്റി.എസ്.എ. സംസ്ഥാന സെക്രട്ടറി ശ്രീ. ഡി. പ്രകാശൻ, ഡെക്റ്റോ സംസ്ഥാന ട്രഷർ ശ്രീ. വിനോദ്കുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. നന്ദി രേഖപ്പെടുത്തി. ഉച്ചഭക്ഷണത്തിന് മുമ്പുതന്നെ ജന. സെക്രട്ടറി ചർച്ചയ്ക്കുള്ള മറുപടി പ്രസംഗം നടത്തി തുടർന്ന് പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും സമ്മേളനം അംഗീകരിച്ചു.

ഉച്ചയ്ക്കുശേഷം യാത്രയയപ്പ് സമ്മേളനത്തിന് വൈസ് പ്രസിഡന്റ് ശ്രീ. ആന്റണി സിജോ ജോർജ് അദ്ധ്യക്ഷത വഹിച്ചു. ശ്രീ. അജയകുമാർ പി.ടി. സ്വാഗതം ആശംസിച്ചു. ദീർഘകാലത്തെ സേവനത്തിനു ശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന സംഘടനാ അംഗങ്ങൾക്ക് ഉപഹാരസമർപ്പണം ശ്രീ. എസ്. ബിജു നിർവ്വഹിച്ചു. 10, +2 പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ അക്റ്റോ അംഗങ്ങളുടെ മക്കൾക്ക് ഉപഹാരവും സമ്മാനിച്ചു. ശ്രീ. ജോബി ജോയി, ശ്രീ. കിരൺ എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് സംഘടനാ സെഷൻ ശ്രീ. ഗിരിചന്ദ്രൻ നായർ (വൈസ് പ്രസിഡന്റ്) അദ്ധ്യക്ഷത വഹിച്ചു. ശ്രീ.എൻ. ശ്രീജിമോൻ സ്വാഗതം ആശംസിച്ചു. ശ്രീ. വി.പി. എൽദോസ് (ട്രഷറർ) ഉദ്ഘാടനം ചെയ്തു. ജന. സെക്രട്ടറി ശ്രീ.സൂരജ് ജി. ബൈലോ ഭേദഗതി അവതരിപ്പിച്ചു. തുടർ ചർച്ചയിൽ 14 ജില്ലകളിലുമുള്ള പ്രതിനിധികൾ പങ്കെടുത്തു. ബൈലോ ഭേദഗതി യോഗം അംഗീകരിച്ചു. പ്രമേയം അവതരണത്തിലൂടെ 14 ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ അവതരിപ്പിച്ച പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു.

2019-20 വർഷത്തെ പ്രവർത്തന രൂപരേഖ സൂരജ് ജി. അവതരിപ്പിച്ചു. ശ്രീ. എൽബി വർഗ്ഗീസ് നന്ദി രേഖപ്പെടുത്തി. 2019-20 വർഷത്തെ സംഘടനാ ഭാരവാഹികളെ റിട്ടേണിംഗ് ഓഫീസർ ശ്രീ.ശാമുവൽ ഉമ്മന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്തു. ശ്രീ. ബിജു എസ്. പ്രസിഡന്റ്, ശ്രീ.സൂരജ് ജി. ജനറൽ സെക്രട്ടറി, ശ്രീ. വി.പി. എൽദോസ് ട്രഷറർ ആയും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

**തീരുമാനങ്ങൾ**

1. ബൈലോ ഭേദഗതി ഗവൺമെന്റിൽ സമർപ്പിക്കുവാൻ ജന. സെക്രട്ടറിയെ ചുമതലപ്പെടുത്തി.

2. 2018-19 വർഷത്തെ പ്രവർത്തന റിപ്പോർട്ട് വരവ്-ചെലവ് കണക്കുകളും അംഗീകരിച്ചു.

3. ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻ 1:1:3 യിൽ നിന്നും 1:1:1 ആക്കി മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കുക.

4. ട്രേഡ്സ്മാന്റെ ക്വാളിഫിക്കേഷൻ റ്റി.എച്ച്.എസ്.എൽ.സി അല്ലെങ്കിൽ എസ്.എസ്.എൽ.സി.+എൻ.റ്റി.സി. എന്നത് എസ്.എസ്.എൽ.സി. + എൻ.റ്റി.സി. അല്ലെങ്കിൽ റ്റി.എച്ച്.എസ്.എൽ.സി.എന്നാക്കി സ്പെഷ്യൽ റൂൾ ഭേദഗതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

5. നിർത്തലാക്കിയ കോമ്പൻസേറ്ററി അലവൻസ് പുനഃസ്ഥാപിച്ചു കിട്ടുവാനായി ബഹുമാനപ്പെട്ട മന്ത്രിയുടെ ഫയൽ അദാലത്തിൽ ഉൾപ്പെടുത്തുവാൻ ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

## സന്ദേശം



**ബിജു എസ്.**, പ്രസിഡന്റ്

മുപ്പതാം സമ്മേളന കാലയളവിലേക്ക് കടക്കുന്ന, ശ്രീ ഉണ്ണിക്കൃഷ്ണൻ സാർ പടുത്തുയർത്തിയ ആക്റ്റോ എന്ന മഹത്തായ പ്രസ്ഥാനത്തിലെ മുഴുവൻ അംഗങ്ങൾക്കും എന്റെ ഓരായിരം സ്നേഹാഭിവാദ്യങ്ങൾ.

വ്യത്യസ്ത രാഷ്ട്രീയ യൂണിയനുകൾക്കിടയിൽ രാഷ്ട്രീയമില്ലാതെ വർഗ്ഗ-മത വ്യത്യാസമില്ലാതെ മുപ്പത് വർഷം സജീവമായി പ്രവർത്തിക്കുവാൻ കഴിഞ്ഞുവെന്നതുകൊണ്ട് ഈ സംഘടന നമ്മുടെയിടയിൽ എത്രത്തോളം ആവശ്യവും പ്രസക്തവും ആണെന്ന് മനസിലാക്കുവാൻ കഴിയും. കാലത്തിന്റെ മാറ്റം തിരിച്ചറിഞ്ഞു പുതുതലമുറയെ ഉൾക്കൊണ്ടുകൊണ്ട് ഈ പ്രസ്ഥാനം കൂടുതൽ ശക്തിയായി മുന്നേറുക തന്നെ ചെയ്യും.

ഈ കാറ്റഗറിയിലെ ജീവനക്കാരെ ബാധിക്കുന്ന വിവിധ വിഷയങ്ങളിലും പൊതുവായ കാര്യങ്ങളിലും ഈ സംഘടന സത്വരമായി പ്രതികരിക്കുകയും ഇടപെടുകയും ചെയ്യുന്നുണ്ട്. അത്തരം പ്രവർത്തനങ്ങൾ കൂട്ടായ തീരുമാനത്തിലൂടെ ശക്തമായി തുടരുകതന്നെ ചെയ്യുമെന്ന് ഉറപ്പ് നൽകുന്നു. നിങ്ങളുടെ പിന്തുണയും വിശ്വാസവുമാണ് ഈ സംഘടനയുടെ കരങ്ങളുടെ ശക്തി എന്ന തിരിച്ചറിവോടെ ഏവർക്കും എന്റെ ഹൃദ്യമായ സ്നേഹാശംസകൾ.



*സമഗ്ര സംഭാവനയ്ക്കുള്ള പ്രഥമ ആക്റ്റോ 'നവരത്ന അവാർഡ്' M/s. ശാസ്ത്ര റോബോട്ടിക്സിന് ശ്രീ അൻവർ സാദത്ത് എം.എൽ.എ., അഡ്വ. വി. സലിം (ഗ്രേറ്റർ, കൊച്ചി വികസന അതോറിറ്റി ചെയർമാൻ) എന്നിവർ നല്കി ആദരിക്കുന്നു.*

# 29–ാം സംസ്ഥാന സമ്മേളന സ്വാഗതസംഘം പിരിച്ചുവിടൽ

ആക്റ്റോ 29–ാം സംസ്ഥാന സമ്മേളന സ്വാഗത സംഘം പിരിച്ചുവിടൽ യോഗം ആലുവ ഹോട്ടൽ മഹനാമി കോൺഫറൻസ് ഹാളിൽ വച്ച് 2019 മെയ് 18 ശനിയാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് സ്വാഗതസംഘം വൈസ്ചെയർമാൻ അഡ്വ: മനോജ് വാസുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

ഈശ്വരപ്രാർത്ഥനയ്ക്കു ശേഷം സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബിജു സ്വാഗതം ആശംസിച്ചു. ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷനുവേണ്ടിയുള്ള പ്രക്ഷോഭ പരിപാടികൾ മുൻകൈയെടുത്ത് നടത്തണമെന്നും അതിനു വേണ്ടിയുള്ള എല്ലാ പിന്തുണയും നൽകുന്നതായും അഡ്വ: മനോജ് വാസു അദ്ധ്യക്ഷ പ്രസംഗത്തിൽ ഉറപ്പുനൽകി. ചിട്ടയോടുകൂടിയ വലിയ ഒരു സംസ്ഥാന സമ്മേളനം നടത്തിയ ഭാരവാഹികളെ സ്വാഗതസംഘം വൈസ് ചെയർമാൻ അഡ്വ: മനോജ് വാസു അഭിനന്ദിക്കുകയും സംഘടനയ്ക്ക് തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകുന്നതായി അറിയിച്ചു.

ജനറൽ സെക്രട്ടറി ശ്രീ.സൂരജ് ജി. 29–ാം സംസ്ഥാന സമ്മേളന റിപ്പോർട്ടും ട്രഷറർ ശ്രീ. വി. പി.  എൽദോസ് വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. സമ്മേളന വരവ് 2,54,610 രൂപയും ചെലവ് 1,96,365 രൂപയുമാണ്. സംസ്ഥാനസമ്മേളനത്തെ കുറിച്ച് യോഗം അവലോകനം ചെയ്തു. യോഗത്തിൽ എത്തിയ എല്ലാപ്രതിനിധികളും സജീവ ചർച്ചയിൽ പങ്കെടുത്തു. റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും യോഗം അംഗീകരിച്ചു.

സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.ആന്റണി സിജു ജോർജ്ജ്, ജോയിന്റ് സെക്രട്ടറിമാരായ ശ്രീ. അജയകുമാർ പി.റ്റി., ശ്രീ.കെ.സി. എൽദോ, സംസ്ഥാന കമ്മറ്റി പ്രതിനിധികളായ ശ്രീ. ജിജോ റ്റി. ആർ., ശ്രീ. നിജേഷ്എം., ശ്രീ.സുജിത്ത് കുമാർ കെ.ബി. തുടങ്ങിയവർ സംസാരിച്ചു. 29–ാം സംസ്ഥാന സമ്മേളന



സ്വാഗതസംഘം പിരിച്ചുവിടുന്നതായി സ്വാഗത സംഘം വൈസ് ചെയർമാൻ അഡ്വ: മനോജ് വാസു പ്രഖ്യാപിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാപ്രതിനിധികൾക്കും സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. എൻ. ആർ. ശ്രീജിമോൻ നന്ദി പ്രകാശിപ്പിച്ചു. ഉച്ചയ്ക്ക് 1.45 യോഗം അവസാനിച്ചു.



# 29–ാം സംസ്ഥാന സമ്മേളനത്തിന് ശേഷം സംഘടന പൂർത്തീകരിച്ച പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ

1. 01– 03–2019 ൽ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. ഡോ. ജലീലിന്റെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട ഫയൽ അദാലത്തിൽ ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. വൈസ് പ്രസിഡന്റ് ശ്രീ. എസ്. വത്സലകുമാർ എന്നിവർ പങ്കെടുത്തു. ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻ, കോമ്പൻസേറ്ററി അലവൻസ് സംബന്ധിച്ച ഫയലുകളാണ് പരിഗണനയിൽ ഉള്ളത്.
2. 2019–20 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ മദ്ധ്യവേനലവധി മാറ്റുവാനുള്ള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നീക്കത്തിനെതിരെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. ഡോ. കെ.റ്റി. ജലീലിനും, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഉഷാ ടൈറ്റസിനും നിവേദനം നൽകി.
3. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ് ഇൻസ്ട്രക്ടർമാരുടെ റേഷ്യോ പ്രമോഷൻ സംബന്ധിച്ച് നിയമസഭയിൽ ഉന്നയിക്കുവാൻ ആവശ്യപ്പെട്ട് ജനറൽ സെക്രട്ടറി ശ്രീ. സൂരജ് ജി. വൈസ് പ്രസിഡന്റ് ശ്രീ. എൻ. ആർ. ശ്രീജിമോൻ എന്നിവർ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.യെ കണ്ടു.
4. ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിൽ 2019–20 അദ്ധ്യയനവർഷത്തെ വെക്കേഷൻ ഡ്യൂട്ടിക്ക് ശനി, ഞായർ, പൊതു അവധി ദിനങ്ങൾ തുടങ്ങിയവ ആർജ്ജിതാവധിക്ക് പരിഗണിക്കണ്ടെ എന്ന തീരുമാനത്തിനെതിരെ ജനറൽ സെക്രട്ടറി പ്രിൻസിപ്പാളിന് നിവേദനം നൽകി.
5. എഞ്ചിനീയറിംഗ് കോളേജുകളിൽ ആർജ്ജിതാവധി അനുവദിക്കുമ്പോൾ പൊതു അവധി ദിവസങ്ങൾ കൂടി ഉൾപ്പെടുത്തി കണക്കാക്കേണ്ടതില്ല എന്ന തീരുമാനത്തിനെതിരെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ നിവേദനം നൽകി.
6. +2 പാസ്സായ വിദ്യാർത്ഥികൾക്ക് പോളിടെക്നിക് കോളേജുകളിൽ മൂന്നാം സെമസ്റ്ററിൽ നേരിട്ട് ലാറ്ററൽ എൻട്രി പ്രവേശനം നൽകുവാനുള്ള തീരുമാനത്തിനെതിരെ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേധാവി എന്നിവർക്ക് നിവേദനം നൽകി.
7. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സംഘടന സമർപ്പിച്ചു.

# 2019-20 വർഷത്തെ ഭാരവാഹികൾ

സംസ്ഥാന പ്രസിഡന്റ്



BIJU S.
9447502592

ജനറൽ സെക്രട്ടറി



SOORAJ G.
9447208292

ട്രഷറർ



V.P. ELDHOSE
9846035514

## വൈസ് പ്രസിഡന്റുമാർ



S.VALASAKUMAR
9447965149



ANTONY SIJU GEORGE
944792215



SREEJIMON N.R.
9946736475



GIRICHANDRAN NAIR R.
944610650

## ജോയിന്റ് സെക്രട്ടറിമാർ



ELDHO K.C.
8301931968



RENJITH KUMAR G
9946036003



AJAYAKUMAR P T
9495575721



SAJEEV T
9495863872

## സോണൽ സെക്രട്ടറിമാർ




SALIM A
9895165095



KIRAN M
9656001334



JOBY JOY
9847857474



SHANAVAS T I
9605388131

## സംസ്ഥാന കമ്മിറ്റിയംഗങ്ങൾ




M. NIZAM
TKMC Kollam
8848249635



SESHADRI A S
GPTC Palakkad
8139894000



K M NAZAR
THS Purappuzha
9946850543



PARTHASARATHY
GPTC Purapuzha
9446608787



LALSON K C
GPTC Vechoochira
9895725966



THOMAS CHACKO
GPTC Vennikulam
8086960101



PRABHATH P V
SNPTC Kanhangad
9495893988



SANTHOSH KUMAR
THS Manjeri
9495497585



NADIR N
WPTC Kottakal
9847617157



ASHRAF Y
RIT Kottayam
8921993673



RAJAN K S
GPTC Kottayam
9495851037

SHIMJITH P
THS Payyoli
8547601619



SATHEESAN K
GCE Kannur
9495890024

MUHAMMAD NISSAR
GPTC Koratty
9447070751



NIJESH M
THS Kozhikode
9895428809



PRADEEPKUMAR S
THS Cheruvathoor
9946662722



SUJITHKUMAR K B
GEC Wayanad
9846317051



RATNAKARAN O
GPTC Mattannur
9847970884



JIJO T R
GPTC Meenangadi
9746673787



ANTONY BONUFAS
MTI Thrissur
9495336731

BABURAJ
GPTC Perumbavoor
9995177267



S VENUPRASAD
THS Ezhukone
9995599546

# ആക്റ്റോ സംസ്ഥാന കമ്മറ്റിയോഗം

ആക്റ്റോ സംസ്ഥാന കമ്മറ്റിയോഗം 2019 മെയ് 18 ശനിയാഴ്ച രാവിലെ 11.00മണിക്ക്സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്.ബിജുവിന്റെ അദ്ധ്യക്ഷതയിൽ ആലുവ ഹോട്ടൽ മഹനാമി കോൺഫറൻസ് ഹാളിൽ വച്ച് ചേർന്നു. സംസ്ഥാന ജോയിന്റ് സെക്രട്ടറി ശ്രീ. കെ.സി. എൽദോ സ്വാഗതം ആശംസിച്ചു. ജനറൽ സെക്രട്ടറി സൂരജ് ജി. ഒരുവർഷത്തെ പ്രവർത്തന രൂപരേഖ അവതരിപ്പിച്ചു. 29-ാം സംസ്ഥാന സമ്മേളനത്തെകുറിച്ച് യോഗം അവലോകനം ചെയ്തു. യോഗത്തിൽ എത്തിയ എല്ലാ പ്രതിനിധികളും സജീവമായി ചർച്ചയിൽ പങ്കെടുത്തു. യോഗത്തിൽ പങ്കെടുത്ത എല്ലാപ്രതിനിധികൾക്കും സംസ്ഥാന വൈസ്പ്രസിഡന്റ് ശ്രീ. എൻ.ആർ. ശ്രീജിമോൻ നന്ദി പ്രകാശിപ്പിച്ചു. 1.00 PM യോഗം അവസാനിച്ചു.

## സംസ്ഥാനകമ്മിറ്റിതീരുമാനങ്ങൾ

1. സംസ്ഥാനതല മെമ്പർഷിപ്പ് വിതരണോദ്ഘാടനം നടത്തുവാൻ തീരുമാനിച്ചു
2. അംഗത്വഫീസ് 20 രൂപയായി തുടരുവാനും പ്രവർത്തനഫണ്ട് 400 രൂപ ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി സ്വരൂപിക്കുവാനും തീരുമാനിച്ചു.
3. പ്രവർത്തന ഫണ്ടിന് കൂപ്പൺ പ്രിന്റ് ചെയ്തു നൽകുവാൻ തീരുമാനിച്ചു.
4. 29-ാം സംസ്ഥാന സമ്മേളന ഫണ്ടിന്റെ സ്ഥാപനം തിരിച്ചുള്ള കണക്ക് പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു.
5. 2020 ൽ റിട്ടയർ ചെയ്യുന്നവർക്കുള്ള മൊമെന്റോയുടെ ലിസ്റ്റ് മുൻകൂട്ടി പബ്ലിഷ് ചെയ്യുവാൻ തീരുമാനിച്ചു .
6. കഴിഞ്ഞവർഷം ഇറക്കിയ ന്യൂസ്ലെറ്റർ സംഘടനയ്ക്ക് വളരെയധികം പ്രയോജനം ചെയ്തുവെന്ന് യോഗം വിലയിരുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ ജൂലൈ/ആഗസ്റ്റ് മാസത്തിൽ ആക്റ്റോ ന്യൂസ്ലെറ്ററിന്റെ തേർഡ് വോള്യം പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു.
7. സ്പോൺസർഷിപ്പ് ഉണ്ടെങ്കിൽ അക്കാദമിക് കലണ്ടർ (ജൂൺ-മാർച്ച്) പ്രിൻറ് ചെയ്യുവാൻ തീരുമാനിച്ചു.
8. 29-ാം സംസ്ഥാന സമ്മേളന ഫണ്ടിന്റെ കൗണ്ടർ ഫോയിലും ബാക്കിവന്ന റെസീപ്റ്റുകളും തിരിച്ചുതരാത്ത യൂണിറ്റുകളിൽ നിന്നും അത് തിരിച്ചു വാങ്ങുവാൻ തീരുമാനിച്ചു.
9. അടുത്ത സംസ്ഥാന സമ്മേളനത്തിന് ബൈലോ (5)b (2) പ്രകാരം ജില്ലാകമ്മിറ്റികൾ തിരഞ്ഞെടുക്കുന്ന സംസ്ഥാനകമ്മിറ്റി അംഗങ്ങൾ ഉൾപ്പെടുന്ന മീറ്റിങ് സംസ്ഥാന സമ്മേളനത്തിന്റെ തലേന്ന് കൂടുവാനും ബൈലോ 5(d)(b) പ്രകാരം പുതിയ സംസ്ഥാന ഭാരവാഹികളെ തിരഞ്ഞെടുക്കുവാനും തീരുമാനിച്ചു.
10. ശ്രീ. എൽദോസ്പോളും മറ്റുമൂന്നുപേരും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നൽകിയ കേസിൽ ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെൻറിൽ നിന്നും ലഭിച്ച ഉത്തരവ് പരിശോധിക്കുവാനായി അഡ്വക്കേറ്റിനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചു.

# എഞ്ചിനീയറിംഗ് കോളേജിലെ മദ്ധ്യവേനലവധി ജൂൺ-ജൂലൈ മാസങ്ങളിലാക്കി - ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ്



*29-ാം സംസ്ഥാന സമ്മേളനം: സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിജു എസ്. പതാക ഉയർത്തുന്നു.*

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും 2020 മുതൽ മദ്ധ്യവേനലവധി കെ.റ്റി.യു.വിന്റെ കലണ്ടർ പ്രകാരം ജൂൺ, ജൂലൈ മാസങ്ങളിലാക്കി ഉത്തരവിറക്കി

എഞ്ചിനീയറിംഗ് കോളേജിൽ മാത്രം മദ്ധ്യവേനലവധിക്കാലം മാറ്റുന്നതുകൊണ്ട് ചില ജീവനക്കാരുടെ എങ്കിലും വെക്കേഷൻ നഷ്ടപ്പെടുവാനും സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് സങ്കീർണ്ണതകൾ ഉണ്ടാകുവാനും ഇടയാക്കും.



*29-ാം സംസ്ഥാന സമ്മേളനം: ശ്രീ. അൻവർ സാദത്ത് എം.എൽ.എ., അഡ്വ. വി. സലിം, അഡ്വ. മനോജ് വാസു എന്നിവർ സംസാരിക്കുന്നു.*

സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലും കോളേജുകളിലും സർവ്വകലാശാലകളിലും ബഹുമാനപ്പെട്ട കോടതികളിലും മദ്ധ്യവേനലവധി ഏപ്രിൽ-മെയ് മാസങ്ങളിലായി നിലനിൽക്കേ ഇത്തരം മാറ്റം യാതൊരു ചർച്ചകളും പരിഹാരങ്ങളും ഇല്ലാതെ നടപ്പിലാകുന്നതുമൂലം ജീവനക്കാരെ പ്രതികൂലമായി ബാധിക്കും. വിദൂരസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് മദ്ധ്യവേനലവധി കുട്ടികളോടൊപ്പം ചിലവഴിക്കാനുമുള്ള അവസരം കൂടിയാണ് ഇല്ലാതാകുന്നത്.

## 2019– 20 വർഷത്തെ സംഘടനാ ഭാരവാഹികൾ

| | |
|---|---|
| സംസ്ഥാന പ്രസിഡന്റ് | ശ്രീ. ബിജു എസ്., എസ്.എൻ.പി.ടി.സി. കൊട്ടിയം |
| ജനറൽ സെക്രട്ടറി | ശ്രീ. സൂരജ് ജി., ജി.റ്റി.എച്ച്.എസ്., പാമ്പാടി, കോട്ടയം |
| ട്രഷറർ | ശ്രീ. വി.പി. എൽദോസ്, എം.എ.സി.ഇ. കോതമംഗലം |
| വൈസ് പ്രസിഡന്റുമാർ | ശ്രീ. എസ്. വത്സലകുമാർ, ജി.ഇ.സി., കണ്ണൂർ |
| | ശ്രീ. ആന്റണി സിജോ ജോർജ്, ജി.ഇ.സി., പാലക്കാട് |
| | ശ്രീ. ആർ. ഗിരിചന്ദ്രൻനായർ, എൻ.എസ്.എസ്. പോളിടെക്നിക് കോളേജ്, പന്തളം |
| | ശ്രീ. എൻ.ആർ. ശ്രീജിമോൻ, ജി.റ്റി.എച്ച്.എസ്., സുൽത്താൻ ബത്തേരി |
| ജോ. സെക്രട്ടറിമാർ | ശ്രീ. രഞ്ജിത്കുമാർ, ജി.ഇ.സി. പാലക്കാട് |
| | ശ്രീ. അജയകുമാർ പി.ടി., കെ.ജി.പി.റ്റി.സി., കോഴിക്കോട് |
| | ശ്രീ. എൽദോ കെ.സി., ജി.ഇ.സി. തൃശ്ശൂർ |
| | ശ്രീ. സജീവ് ടി., എസ്.എൻ.പി.റ്റി.സി., കാഞ്ഞങ്ങാട് |
| സോണൽ സെക്രട്ടറിമാർ | ശ്രീ. സലിം എ., റ്റി.കെ.എം.സി.ഇ., കൊല്ലം |
| | ശ്രീ. കിരൺ എം., ജി.പി.റ്റി.സി., മുട്ടം |
| | ശ്രീ. ജോബി ജോയി, എം.എ.സി.ഇ., കോതമംഗലം |
| | ശ്രീ. ഷാനവാസ് ടി.ഐ., എസ്.എസ്.എം. പോളിടെക്നിക്, തിരൂർ |
| ഓഡിറ്റേഴ്സ് | ശ്രീ. പ്രവീൺ കെ.രാജൻ, എസ്.എൻ.പി.റ്റി.സി., കൊട്ടിയം |
| | ശ്രീ. സജികുമാർ കെ.കെ., ജി.റ്റി.എച്ച്.എസ്., പാമ്പാടി |

### ആദരാഞ്ജലികൾ





കോട്ടയം പാമ്പാടി ഗവ. ടെക്നിക്കൽ ഹൈസ്കൂളിലെ ഇലക്ട്രിക്കൽ വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ആയിരുന്ന ഡേവിഡ് ക്രൂസ് സാറിനും കോളേജ് ഓഫ് എഞ്ചിനീയറിംഗ് ട്രിവാൻഡ്രം (സി.ഇ.റ്റി.) മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടറായിരുന്ന മനോഹരൻ സാറിനും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## ജനറൽ സെക്രട്ടറിയുടെ കോളം

ശ്രീ. ഉണ്ണിക്കൃഷ്ണൻ മാഷിന്റെ കഠിന പ്രയത്നത്തിലൂടെ 1992 ൽ രൂപീകൃതമായ ആക്റ്റോ കേരളത്തിലെ ഓരോ ട്രേഡ്സ്മാൻമാർക്കും, ട്രേഡ് ഇൻസ്ട്രക്ടർമാർക്കും വളരെയധികം ഗുണം ചെയ്യുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കക്ഷി രാഷ്ട്രീയമന്യേ പ്രവർത്തിക്കുന്ന ഏക അംഗീകൃത സംഘടനയാണ് ആക്റ്റോ.



29-ാം സംസ്ഥാന സമ്മേളനം 2019 ഫെബ്രുവരി 9-ാം തീയതി ആലുവയിൽ വെച്ച് നടന്നു. സമ്മേളനം വൻ വിജയമാക്കിയ എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.

സംഘടന രൂപീകരിക്കുന്നതിനു മുൻപ് നമ്മുടെ ജീവനക്കാർക്ക് പലവിധത്തിലുള്ള ത്യാഗങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ സംഘടനയുടെ പിറവിയോടെ ജീവനക്കാരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും അർഹമായ പരിഗണന നേടിയെടുക്കാനും ആക്റ്റോയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ആക്റ്റോയുടെ നിരന്തര സമ്മർദ്ദത്തിന്റെയും പ്രക്ഷോഭത്തിന്റെയും ഫലമായി ഒട്ടേറെ കാര്യങ്ങൾ നമുക് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. വർക്ക്ഷോപ്പ് അറ്റൻഡർ ട്രേഡ്സ്മാൻ എന്നാക്കി മാറ്റുവാനും, 9-ാം ശമ്പള പരിഷ്കരണത്തിലെ ട്രേഡ്സ്മാൻ, ട്രേഡ് ഇൻസ്ട്രക്ടറുടെ അനോമലി പരിഹരിക്കുവാൻ സാധിച്ചതും സംഘടനയുടെ ശക്തമായ ഇടപെടൽ കൊണ്ടാണ്.

11-ാം ശമ്പള പരിഷ്കരണവും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിശേഷാൽ ചട്ട ഭേദഗതി എന്നിവയൊക്കെ നമ്മുടെ മുന്നിലുണ്ട്. "ഒറ്റക്കെട്ടായി മുന്നേറുക..., സംഘടനയെ ശക്തിപ്പെടുത്തുക" എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് ഓരോ ജീവനക്കാരും പ്രവർത്തിക്കുക.

***സൂരജ് ജി., ജനറൽ സെക്രട്ടറി***

**BANK ACCOUNT DETAILS :**
Syndicate Bank, Aluva Branch,
A/c No. : 46002200097005, IFSC Code : SYNB0004318

**Editorial Board :** Sri. Biju S., Sri. Sooraj G., Sri. V.P. Eldhose, Sri. S. Valsalakumar, Sri. R. Giri Chandran Nair, N.R. Sreejimon

*Edited, Printed & Published by : General Secretary, All Kerala Trade Instructors and Tradesmans Organization, State Committee. Designed by : Amma digital Kottayam. Printed at : Dona Colour Printers, Kottayam*

Amma Digital, Ktm- 0481 2304788